പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2921 **29-10-2026-ൽ മറുപടിയ്ക്ക്**

മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം റോഡുകളിൽ (പി.ഡബ്ള്യു.ഡി., കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി.) കൂഴിയെടുത്തിട്ടുണ്ടെന്നും അവയുടെ പുനരുദ്ധാരണത്തിന് എത്ര തുക വീതം ജലജീവൻ മിഷനിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ;

മറുപടി: പൊതുമരാമത്ത് നിരത്തുകൾ വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

കെ.എസ്.റ്റി.പിയുടെ കീഴിലുള്ള തട്ടാരമ്പലം - മിഖേൽ ജംഗ്ഷൻ – കൊച്ചാലുംമൂട് - മാങ്കാംകുഴി - പന്തളം റോഡിൽ ജലജീവൻ മിഷന്റെ ഭാഗമായി രണ്ട് പ്രവർത്തികൾക്കായി 10.05.2022-ൽ

(1) 1.21 3/630 4/280 വരെ പൈപ്പിടുന്ന പ്രവർത്തിയ്ക്കായി 1,75,427/- രൂപയും

(2) 1.21 4/710 6/038 വരെ പൈപ്പിടുന്ന പ്രവർത്തിയ്ക്കായി 3,58,41/- രൂപയും ലഭിച്ചിട്ടുണ്ട്.

തട്ടാരമ്പലം മിഖേൽ ജംഗ്ഷൻ - കൊച്ചാലുംമൂട് - മാങ്കാംകുഴി പന്തളം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 2021 മുതൽ പണികൾ പുരോഗമിക്കവെയാണ് ടി തുക ലഭ്യമായത്. നിലവിൽ പുനരുദ്ധാരണ പ്രവൃത്തി 20.04.2023-ൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, റോഡ് ഗതാഗതയോഗ്യവും, മെയിന്റനൻസ് കാലാവധിയിലുമാണ്.

മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുന്ന ഒരു പ്രവൃത്തികളിലും തന്നെ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കൂഴിയെടുത്തിട്ടില്ല.

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: പൊതുമരാമത്ത് നിരത്തുകൾ വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

കെ.എസ്.റ്റി.പിയുടെ കീഴിലുള്ള തട്ടാരമ്പലം - മിഖേൽ ജംഗ്ഷൻ – കൊച്ചാലുംമൂട് - മാങ്കാംകുഴി - പന്തളം റോഡിൽ ജലജീവൻ മിഷന്റെ ഭാഗമായി രണ്ട് പ്രവർത്തികൾക്കായി 10.05.2022-ൽ

(1) 1.21 3/630 4/280 വരെ പൈപ്പിടുന്ന പ്രവർത്തിയ്ക്കായി 1,75,427/- രൂപയും

(2) 1.21 4/710 6/038 വരെ പൈപ്പിടുന്ന പ്രവർത്തിയ്ക്കായി 3,58,41/- രൂപയും ലഭിച്ചിട്ടുണ്ട്.

തട്ടാരമ്പലം മിഖേൽ ജംഗ്ഷൻ - കൊച്ചാലുംമൂട് - മാങ്കാംകുഴി പന്തളം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 2021 മുതൽ പണികൾ പുരോഗമിക്കവെയാണ് ടി ജല ലഭ്യമായത്. നിലവിൽ പുനരുദ്ധാരണ പ്രവൃത്തി 20.04.2023-ൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, റോഡ് ഗതാഗതയോഗ്യവും, മെയിന്റനൻസ് കാലാവധിയിലുമാണ്.

മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുന്ന ഒരു പ്രവൃത്തികളിലും തന്നെ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിയെടുത്തിട്ടില്ല.

(സി) ജലജീവൻ മിഷൻ ജല അടയ്ക്കുവാനുള്ള പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും എത്ര ജലയെന്നും വിശദമാക്കുമോ?

<u>മറുപടി:</u> മാവേലിക്കര നിയോജക മണ്ഡലത്തിൽ റോഡ് കട്ടിംഗിന് ഡിമാൻഡ് നോട്ടീസ് നൽകിയതിന് ശേഷം ജല ജീവൻ മിഷൻ ജല അടയ്ക്കാനുള്ള പ്രവൃത്തികൾ ഒന്നും തന്നെയില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

SL No.	റോഡ്	പുനരുദ്ധാരണത്തി ന് ജല ജീവൻ മിഷനിൽ നിന്നും ലഭ്യമായിട്ടുള്ള തുക	പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ
1	കായംകുളം - തിരുവല്ല റോഡ് (മണ്ഡപത്തിൻ കടവ് വള്ളക്കാലി ജങ്ഷൻ)	26,90,272/-	പുനരുദ്ധാരണ പ്രവൃത്തി പുരോഗമിക്കുന്നു
2	പെരിങ്ങാല - കൊച്ചിക്കൽ (കൊച്ചിക്കൽ ആൽത്തറ ജങ്ഷൻ) കൊച്ചിക്കൽ	17,50,000/-	ടെൻഡർ നടപടികൾ പുരോഗമിക്കുന്നു
3	തട്ടാരമ്പലം - മാന്നാർ	89,19,476/-	പ്രവൃത്തി പൂർത്തീകരിച്ചു
4	Kottapuzhackal - Thazhava road Ch: 5/000 to 8/730 (LHS)	Estimate Amount 2110790	കോട്ടപുഴക്കൽ തഴവാ റോഡിൽ ജലജീവൻ മിഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല
5	Kottapuzhackal - Thazhava road Ch: 5/000 to 8/730	Estimate Amount 8199147	കോട്ടപുഴക്കൽ തഴവാ റോഡിൽ -ജലജീവൻ മിഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി അനുമതി ലഭ്യമായവയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.
6	Pallam Chathiyara road Ch: 0/000 to 2/050 (RHS)	Estimate Amount 1057703	പള്ളം ചത്തിയറ റോഡിൽ - Restoration പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്.

മണ്ഡലം ഓഫീസർ